**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2923** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ അനധികൃത മരം മുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മുട്ടിലിൽ നൂറുവർഷത്തിലേറെ പഴക്കമുള്ള ഈട്ടി മരങ്ങൾ അടക്കം മുറിച്ച സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ വിഷയം സംബന്ധിച്ച സമഗ്രമായ അന്വേഷണം എ.ഡി.ജി.പി ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരികയാണ്. |
| (ബി) | 24.10.2020-ന് റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന വ്യപകമായ അനധികൃത മരം മുറിയിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് 583 കേസുകൾ ബുക്ക് ചെയ്ത് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇതു സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നുവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ യഥാവിധി സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ നടപടി ക്രമങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കണ്ടാൽ അത്തരം മാറ്റങ്ങൾ വരുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ